# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ മദർ തെരേസ - കരുണയുടെ മുഖം



# ??????? ???? ????? - ???????? ????

മദർ: കാലവും ജീവിതവും



1910 ഓഗസ്റ്റ് 26ന മാസിഡോണിയയിൽ ജനിച്ചു.
1928 സിസ്റ്റേഴ്സ് ഓഫ് ലൊറേറ്റോ സഭയിൽ അംഗമാകാൻ തീരുമാനിച്ചു. ഇതിന ശേഷം സിസ്റ്റർ മേരി തെരേസ എന്ന പേര സ്വീകരിച്ചു.
1929 ഇന്ത്യയിലെത്തി. ഡാർജിലിംഗിൽ ലൊറേറ്റോ സന്യാസിനി മഠത്തിൽ അർഥിനിയായി കഴിഞ്ഞു.
1931 മേയ് 24ന സഭാവസ്ത്രം സ്വീകരിച്ചു. ആ മാസം തന്നെ കൽക്കട്ടയിലെ പെൺകുട്ടികൾക്കായുള്ള സെന്റ് മേരീസ് ഹൈസ്കൂളിൽ അധ്യാപികയായി.
1937 മേയ് 14ന സിസ്റ്റർ തെരേസ നിത്യവ്രതം സ്വീകരിച്ചു.
1944 സെന്റ് മേരീസ് ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി.
1946 സെപ്റ്റംബർ 10 ദൈവവിളിക്കുള്ളിലെ ദൈവവിളി. ഒരു ട്രെയിൻ യാത്രയ്ക്കിടെ അധ്യാപനം ഉപേക്ഷിച്ച് കൽക്കട്ടയിലെ പാവപ്പെട്ടവർക്കും രോഗികൾക്കും വേണ്ടി പ്രവർത്തിക്കാൻ തീരുമാനിച്ചു.
1948 ജനവരിയിൽ പുതിയ തീരുമാനത്തിലേക്ക പ്രവേശിക്കാൻ സന്യാസിനി സമൂഹത്തിൽനിന്ന് ഔദ്യോഗിക അനുമതി ലഭിച്ചു.
1948 ഓഗസ്റ്റിൽ വെള്ളയും നീലയും കലർന്ന സാരി വസ്ത്രമായി സ്വീകരിച്ചു.

പിന്നീട് വൈദ്യശാസ്ത്രത്തിൽ പ്രാഥമിക പഠനം നടത്തി. ആറു മാസത്തെ പഠനത്തിന ശേഷം ആരും ഇല്ലാത്ത, ആരാലും സ്നേഹിക്കപ്പെടാത്ത, പരിചരിക്കപ്പെടാത്ത പാവപ്പെട്ടവരുടെ ഇടയിലേക്കിറങ്ങി.



1950 ഒക്ടോബർ ഏഴിന കൽക്കട്ട അതിരൂപതയ്ക്ക കീഴിൽ പുതിയ സന്യാസിനീ സഭ തുടങ്ങാൻ വത്തിക്കാൻ അനുമതി നല്കി, മിഷനറീസ് ഓഫ് ചാരിറ്റി ജന്മംകൊണ്ടു.
1950-60 കാലഘട്ടത്തിൽ കുഷ്ഠരോഗികൾക്കായി ആതുരാലയം, അനാഥാലയം, ഫാമിലി ക്ലിനിക്, സഞ്ചരിക്കുന്ന ക്ലിനിക് എന്നിവ തുടങ്ങി.
1952 അശരണർക്കായുള്ള ആദ്യ ഭവനം- നിർമൽ ഹൃദയ- കൽക്കട്ടാ നഗരത്തിൽ തുടങ്ങി.
1955 ചേരികളിലെ കുട്ടികൾക്ക വിദ്യാഭ്യാസം നൽകുക എന്ന ദൗത്യവും ഏറ്റെടുത്തു. കൂടാതെ

തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി നിർമല ശിശുഭവനം തുടങ്ങി.
1959 മിഷനറീസ് ഓഫ് ചാരിറ്റിയുടെ പ്രവർത്തനങ്ങൾ കൽക്കട്ടയ്ക്കു പുറത്തേക്കുകൂടി വ്യാപിപ്പിക്കാൻ മദർ തീരുമാനിച്ചു.
1962 പദ്മശ്രീ ബഹുമതി നൽകി ഭാരത സർക്കാർ ആദരിച്ചു.
1963 പുരുഷന്മാർക്കായി മിഷനറി ബ്രദേഴ്സ് ഓഫ് ചാരിറ്റി സ്ഥാപിച്ചു.
1965 പോൾ ആറാമൻ മാർപാപ്പ സൊസൈറ്റി ഓഫ് പൊന്തിഫിക്കൽ റൈറ്റ് എന്ന അവകാശം മിഷനറീസ് ഓഫ് ചാരിറ്റിക്കു നല്കി. ഇതോടെ ഇന്ത്യക്കു പുറത്തേക്കു സേവനങ്ങൾ വ്യാപിപ്പിക്കാനുള്ള അധികാരം വത്തിക്കാനിൽനിന്നു ലഭിച്ചു.

1965 വെനിസ്വേലയിൽ അഞ്ചു സന്യാസിനിമാരുമായി മിഷനറീസ് ഓഫ് ചാരിറ്റി പ്രവർത്തനം തുടങ്ങി.
1968 ഓസ്ട്രിയ, ടാൻസാനിയ, റോം, ശ്രീലങ്ക എന്നിവിടങ്ങളിൽ ആശ്രമം സ്ഥാപിച്ചു.
1970 മദർ തെരേസയെക്കുറിച്ചു ബിബിസി ടെലിവിഷൻ തയാറാക്കിയ ഡോക്യുമെന്ററി കണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും യുവതികൾ മിഷനറീസ് ഓഫ് ചാരിറ്റിയിൽ അംഗമാകാൻ ആഗ്രഹം പ്രകടിപ്പിച്ച് മദറിനെ സമീപിച്ചു.
1971 ബംഗ്ലാദേശ് വിമോചന യുദ്ധത്തിൽ പീഡിപ്പിക്കപ്പെട്ട സ്ത്രീകളെ ശുശ്രൂഷിക്കാനായി ബംഗ്ലാദേശിലേക്കു പോയി. പിന്നീട് അമേരിക്കയിൽ ആതുരസേവനം തുടങ്ങാനായി ന്യൂയോർക്ക് സിറ്റിയിലേക്കു പോയി. പോൾ ആറാമൻ പാപ്പാ സമാധാന സമ്മാനം നൽകി ആദരിച്ചു.



1979 സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ചു.



1980 ഭാരതരത്ന നൽകി ഭാരതം ആദരിച്ചു.

1982 ആരെയും അറിയിക്കാതെ ലബനനിലെ ബെയ്റൂട്ടിലെത്തി. പലസ്തീൻ-ഇസ്രയേൽ യുദ്ധത്തിൽ അപകടത്തിലായ 37 കുഞ്ഞുങ്ങളെ മദർ രക്ഷിച്ചു. യുദ്ധമുഖത്തുകൂടിയായിരുന്നു ആ സാഹസിക രക്ഷാപ്രവർത്തനം.

1985 തിരിച്ച് അമേരിക്കയിലേക്ക്. യുണൈറ്റഡ് നേഷൻസിന്റെ 40-ാം വാർഷികത്തിൽ ജനറൽ അസംബ്ലിയിൽ പ്രസംഗിച്ചു. ക്രിസ്മസ് തലേന്ന് എച്ച്ഐവി/എയിഡ്സ് രോഗികൾക്കായി ഗിഫ്റ്റ് ഓഫ് ലവ് (സ്നേഹ സമ്മാനം) എന്ന ആശ്രമം തുടങ്ങി.

1988 അർമേനിയയിൽ ഭൂകമ്പക്കെടുതിയിലകപ്പെട്ട പ്രദേശങ്ങൾ മദർ സന്ദർശിച്ചു. ആ വർഷംതന്നെ ഇംഗ്ലണ്ട് സന്ദർശിച്ച പാവപ്പെട്ടവർക്കായി സത്രം തുടങ്ങാൻ അനുമതി തേടിയെങ്കിലും പ്രധാനമന്ത്രിയായിരുന്ന മാർഗരറ്റ് താച്ചർ അനുമതി നൽകിയില്ല.
1991 ജന്മനാടായ അൽബേനിയയിൽ മിഷനറീസ് ഓഫ് ചാരിറ്റി തുടങ്ങി.



1997 സെപ്റ്റംബർ അഞ്ചിനു മദർ ഈ ലോകത്തെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച സ്വർഗ്ഗത്തിലേയ്ക്കു വിടപറഞ്ഞു.

2003 ഒക്ടോബർ 19ന് മദർ തെരേസയെ വാഴ്ത്തപ്പെട്ടവൾ ആയി പ്രഖ്യാപിച്ചു.
2016 സെപ്റ്റംബർ നാലിന് വിശുദ്ധയായി പ്രഖ്യാപിച്ചു.

കടപ്പാട് : deepika.com